പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 4955 | 27.10.2016-ൽ മറുപടിക്ക്

## ലൈഫ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>,, സി. കെ. ശശീന്ദ്രൻ<br>,, പുരുഷൻ കടലുണ്ടി<br>,, കെ. വി. വിജയദാസ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ഭവനരഹിതർക്കെല്ലാം വീട് നൽകാനായി പ്രഖ്യാപിച്ച 'ലൈഫ് " പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ഉൾപ്പെടെ നാല് ബ്രഹത് പദ്ധതികൾ 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല പാർപ്പിട മിഷനും മിഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാതല മിഷനും രൂപീകരിച്ചിട്ടുണ്ട്. |

(ബി) ഭൂരഹിതർക്ക് പാർപ്പിട നിർമ്മാണത്തിനായി ഏതു മാർഗ്ഗമാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമിയില്ലാത്ത ഭവനരഹിതർക്ക് പാർപ്പിട സമുച്ചയങ്ങൾ ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഇതിനായി ഫ്ലാറ്റുകളുടെ/ വീടുകളുടെ സമുച്ചയം താലൂക്ക്/ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥലലഭ്യതയും ഉപഭോക്താക്കളുടെ എണ്ണവും പരിഗണിച്ച് ഏറ്റെടുക്കും. പ്രതിമാസം മിഷൻ നിശ്ചയിക്കുന്ന തുക മുടക്കം കൂടാതെ നൽകുന്നവർക്ക് 15-20 വർഷത്തിനുശേഷം ഫ്ലാറ്റ് സ്വന്തമാക്കാവുന്ന രീതിയിലാകും ഈ Affordable Housing Scheme നടപ്പാക്കുക.

സെക്ഷൻ ഓഫീസർ